# “ക്രിസ്തുവാകുന്ന അടിസ്ഥാനം”

## എഫേസ്യർ 2:20

“ക്രിസ്തുയേശുതന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചക ന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു.”

ഏതൊരു വ്യവസ്ഥിതിയുടെയും, നിർമ്മിതിയുടെയും ഏറ്റം പ്രധാനപ്പെട്ട ഘടകം അതിന്റെ ‘അടിസ്ഥാനം’ അഥവാ **Basement'** ആകുന്നു. ഒത് ഒരു കെട്ടിടംപണി ആയാലും, വ്യക്തിയുടെ സ്വഭാവ രൂപവൽക്കരണമായാലും, കുടുംബ ജീവിതത്തിന്റെ മനോഹാരിത ആയാലും അങ്ങനെ എന്തും. ഉറവിടം നന്നായെങ്കിലേ മുമ്പോട്ടും അവയുടെ സൗന്ദര്യം അനുഭവിക്കുന്നവർക്കും കാണുന്നവർക്കും നുകരാൻ സാധിക്കൂ.

അടിസ്ഥാനത്തിന്റെ ഉറപ്പ് ആർക്കും കണ്ണുകൊണ്ട് അളക്കുവാൻ കഴിയുകയില്ല. ഇതു തന്നെയാണ് ഒരു ദൈവപൈതലിന്റെയും ജീവിതത്തിൽ നടക്കുന്നത്. കർത്താവിൽ ഓരോ രുത്തരെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിൽ ഒന്നിച്ചു പണിതു വരുന്നു. വ്യക്തികൾ പലതെങ്കിലും അവനെ പണിയുന്നവൻ ഒരു ശക്തി ആകുന്നു. ആ ശക്തി നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിയില്ല. എന്നാൽ അത് അനുഭവിച്ചറിയാൻ കഴിയും. മനോഹാരിത വെളിപ്പെടും.

മൂലക്കല്ലായി (അടിസ്ഥാനമായി) ക്രിസ്തുയേശുവിനെ തന്നെയാണോ സ്ഥാപിക്കു ന്നത്? ഇന്ന് ഉറപ്പുള്ള വലിയ വീടുകളും **flat** കളും ഒക്കെ പണിതുയർത്തുന്നു. അവയുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുവാൻ എന്തൊക്കെ ചെയ്താലും തൃപ്തി വരുന്നില്ല. ഇവിടെ വലുതോ, ചെറുതോ എന്നതല്ല വിഷയം. കർത്താവ് വസിക്കുന്ന അവന്റെ ഹിതപ്രകാര മുള്ള ഒന്നാണോ നാം ചമയ്ക്കുന്നത് എന്നതാകുന്നു.

ഭവനനിർമ്മാണം മാത്രമല്ല ജീവിതത്തിന്റെ സകലത്തിലും നമ്മെ പണിയുവാനും, മെനയുവാനും അടിസ്ഥാനം വെയ്ക്കേണ്ടത് കർത്താവാകുന്നു. അവന്റെ അപ്പൊസ്തല ന്മാരും, പ്രവാചകന്മാരായും പണിതു വരുന്നു എന്ന് ദൈവവചനം വ്യക്തമാക്കുന്നു. വിവി ധങ്ങളായ ശുശ്രൂഷക്ക് അവൻ നമ്മെ ദിനംതോറും പണിയുന്നു. വലുതായാലും ചെറുതാ യാലും ദൈവഹിതപ്രകാരം അവയെ പൂർത്തീകരിക്കാൻ ഇടയാകട്ടെ.

വ്യക്തിപരമായ ഇഷ്ടങ്ങളും ആഗ്രഹങ്ങളും ആകുന്ന മോടികളും ആഡംബരങ്ങളും ജീവിതത്തെ നിയന്ത്രിക്കാൻ ഇടയാകരുത്. അടിസ്ഥാനം – ഉറപ്പുള്ള പാറയാകുന്നു. പാറമേൽ പണിത വീടുപോലെ ഉറപ്പുള്ള ദൈവപണി തന്നെ നമ്മിൽ പൂർത്തീകരിക്കാൻ ഇടയാകട്ടെ. നമ്മുടെ അടിസ്ഥാനം കുലുങ്ങുന്നതല്ല. അത് യേശുവാകുന്ന ‘അടിസ്ഥാനം’

ആണെങ്കിൽ കുലുങ്ങുന്നതല്ല. അതല്ലെങ്കിൽ അവയൊക്കെ നമ്മുടെ പരിശ്രമങ്ങൾ കൊത്തിയെടുക്കുന്ന വെറും മിനുക്കു പണികളും, കൗശലപണികളും മാത്രമായിരിക്കും. കാറ്റടിക്കുമ്പോൾ അവിടെ അടിസ്ഥാനം കുലുങ്ങും. സകലവും തകരും.

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും, ബന്ധങ്ങളിലും, ഇടപാടുകളിലും കർത്താവാകുന്ന അടിസ്ഥാനം മാത്രം കാണുവാനും, മുന്നേറുവാനും ഏവരെയും സഹായിക്കട്ടെ. ഉറപ്പുള്ള പാറമേൽ പണിത ഗോപുരങ്ങളായി മാത്രം നിലനിൽക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. സമർപ്പിക്കാം.

പരാമർശം :
1 കൊരിന്ത്യർ 3:10,11

എനിക്കു ലഭിച്ച ദൈവകൃപെക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 064**